# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2020 ഒക്ടോബർ 16

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ രണ്ടാം സെമസ്റ്റർ വിവിധ എൽ.എൽ.ബി. കോഴ്സ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 24 മുതൽ ആരംഭിക്കും. ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ഒക്ടോബർ 23 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 27 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 30 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും(പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിനു പുറമേ അടയ്ക്കണം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1006/2020)

അഫിലിയേറ്റഡ് കോളജുകളിലെ ഒമ്പതാം സെമസ്റ്റർ വിവിധ എൽ.എൽ.ബി. കോഴ്സ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 25 മുതൽ ആരംഭിക്കും. ടൈംടേബിൾ പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ഒക്ടോബർ 23 വരെയും 525 രൂപ പിഴയോടെ ഒക്ടോബർ 27 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 30 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും(പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിനു പുറമേ അടയ്ക്കണം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1007/2020)

## എം.ജി. സർവകലാശാല ബിരുദപ്രവേശനം; നാലാം അലോട്ട്മെന്റായി, പ്രവേശനം 21നകം നേടണം

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ ഏകജാലകം വഴി ബിരുദ പ്രവേശനത്തിനുള്ള നാലാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഒക്ടോബർ 21നു വൈകിട്ട് നാലിനകം ഓൺലൈനായി സർവകലാശാല ഫീസടച്ച് സ്ഥിരപ്രവേശനം ഓൺലൈനായി കൺഫേം ചെയ്യണം.

പ്രവേശനം ലഭിച്ച കോളജുമായി ബന്ധപ്പെട്ട് നിശ്ചിത കോളജ് ഫീസടച്ച് പ്രവേശനം സ്ഥിരപ്പെടുത്തണം. ഒന്ന്, രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ താൽക്കാലിക പ്രവേശമെടുത്തവരും സ്ഥിരപ്രവേശനമെടുക്കണം. ഒക്ടോബർ 21ന് വൈകിട്ട് നാലിനകം ഫീസ് അടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം അലോട്ട്മെന്റ് കൺഫേം ചെയ്യാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കപ്പെടും.

കോളജുകൾ പ്രവേശനം കൺഫേം ചെയ്തതിന്റെ തെളിവായി ലഭിക്കുന്ന കൺഫർമേഷൻ സ്ലിപ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. കൺഫർമേഷൻ സ്ലിപ് കൈവശമില്ലാത്തവരുടെ പ്രവേശനം

സംബന്ധിച്ച പരാതികൾ സ്വീകരിക്കില്ല. നാലാം അലോട്ട്മെന്റിനുശേഷം എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കു മാത്രമേ താൽക്കാലിക പ്രവേശനം സാധ്യമാകൂ. മറ്റു വിഭാഗക്കാർക്ക് നാലാം അലോട്ട്മെന്റിനുശേഷം താൽക്കാലിക പ്രവേശനം അനുവദിക്കില്ല. ഒന്നാം സെമസ്റ്റർ ക്ലാസുകൾ ഒക്ടോബർ 22ന് ആരംഭിക്കും.

(പി.ആർ.ഒ/39/1008/2020)

## ബിരുദ പ്രവേശനം; സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ രജിസ്ട്രേഷൻ നവംബർ ആറു മുതൽ ഒൻപതു വരെ

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ ഏകജാലകം വഴിയുള്ള ബിരുദപ്രവേശനത്തിന് സപ്ലിമെന്ററി അലോട്ട്മെന്റിനായി നവംബർ ആറു മുതൽ ഒമ്പതുവരെ പുതുതായി ഓപ്ഷൻ രജിസ്ട്രേഷൻ നടത്താം. നിലവിൽ അപേക്ഷ നൽകാത്തവർക്കും മുൻ അലോട്ട്മെന്റിൽ പ്രവേശനം ലഭിച്ചവർക്കടക്കം എല്ലാ വിഭാഗക്കാർക്കുമായാണ് സപ്ലിമെന്ററി അലോട്ട്മെന്റ്.

നിലവിൽ പ്രവേശനം ലഭിച്ചവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ അപേക്ഷിച്ച് അലോട്ട്മെന്റ് ലഭിച്ചാൽ നിലവിലെ പ്രവേശനം റദ്ദാക്കപ്പെടും. പുതിയ അലോട്ട്മെന്റിലേക്ക് നിർബന്ധമായും പ്രവേശനം നേടണം. ഓൺലൈൻ അപേക്ഷയിലെ തെറ്റുമൂലം അലോട്ട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും ഫീസ് പ്രത്യേകം അടയ്ക്കാതെ പുതുതായി ഓപ്ഷൻ നൽകാം. നിലവിലുള്ള അപേക്ഷ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന ക്യാപ് വെബ്സൈറ്റിലെ 'അക്കൗണ്ട് ക്രിയേഷൻ' ലിങ്കിൽ പ്രവേശിക്കുമ്പോൾ ലഭിക്കുന്ന പുതിയ അപേക്ഷ നമ്പരും നിലവിലുള്ള പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് പുതുതായി ഓപ്ഷൻ നൽകാം. പുതിയ അപേക്ഷ നമ്പർ പിന്നീടുള്ള ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കണം.

ലോഗിൻ ചെയ്ത് അപേക്ഷയിൽ മുമ്പ് വന്നിട്ടുള്ള തെറ്റുകൾ തിരുത്താവുന്നതും പുതുതായി ഓപ്ഷൻ നൽകാവുന്നതുമാണ്. മുമ്പ് രജിസ്ട്രേഷൻ നടത്താത്തവർക്കും മറ്റുള്ളവർക്കും ഫീസടച്ച് സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കാം. സപ്ലിമെന്ററി അലോട്ട്മെന്റിന് ശ്രമിക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷൻ നൽകണം. ഓപ്ഷൻ നൽകിയ ശേഷം അപേക്ഷ 'സേവ്' ചെയ്ത് ഓൺലൈനായി സമർപ്പിക്കണം. അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിൽ നൽകേണ്ടതില്ല. വിവിധ കോളജുകളിൽ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരം ക്യാപ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ/39/1009/2020)

## എം.ജി. സർവകലാശാല പി.ജി. പ്രവേശനം; ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 21 വരെ

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ ക്യാപ് ഏകജാലകം വഴിയുള്ള ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 21ന് വൈകിട്ട് നാലിന് അവസാനിക്കും. www.cap.mu.ac.in എന്ന ക്യാപ് വെബ്സൈറ്റിലെ പി.ജി. ക്യാപ് 2020 ലിങ്കിലൂടെയാണ് രജിസ്റ്റർ ചെയ്യേണ്ടത്. മെരിറ്റ് സീറ്റിലേക്കും എസ്.സി./എസ്.ടി., എസ്.ഇ.ബി.സി., ഇ.ഡബ്ല്യു.എസ്. സംവരണ സീറ്റിലേക്കും ക്യാപ് സംവിധാനത്തിലൂടെയാണ് അലോട്ട്മെന്റ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. ഒക്ടോബർ 21ന് വൈകിട്ട് നാലുവരെ അപേക്ഷയിൽ തിരുത്തലുകൾ വരുത്താൻ അവസരം ലഭിക്കും. ആദ്യ അലോട്ട്മെന്റ് നവംബർ അഞ്ചിന് നടക്കും. ഒന്നാംവർഷ പി.ജി. ക്ലാസുകൾ നവംബർ 30ന് ആരംഭിക്കും.

(പി.ആർ.ഒ/39/1010/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ